## റിപ്പോർട്ട് സമർപ്പണം

### (1) സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### (2) സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2015-ലെ കേരള ധനകാര്യ ബില്ലിനേയും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനേയും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ ചെയർമാനായ ഞാൻ 2015-ലെ കേരള ധനകാര്യ ബില്ലിനെയും 2015-ലെ കേരള ധനകാര്യ (2-ാം) ബില്ലിനെയും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി X-ന്റെ 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി X-ന്റെ ചെയർമാനായ ഞാൻ 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII-ന്റെ ചെയർമാനായ ഞാൻ 2014 ഏപ്രിൽ 1 മുതൽ

2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സമർപ്പിക്കുന്നു.

(5) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ ചെയർമാനായ ഞാൻ 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. അൻവർ സാദത്ത്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.......(ബഹളം)......ചെയർ ചോദിക്കാം. ആ കമ്മിറ്റിയിലെ മെമ്പറോണാ?

ശ്രീ. അൻവർ സാദത്ത് : സർ, അതെ. ആ കമ്മിറ്റിയിലെ മെമ്പറാണ്.

മി. സ്പീക്കർ: ആ കമ്മിറ്റിയിലെ മെമ്പറാണ്. ആ കമ്മിറ്റിയിലെ മെമ്പറാണെങ്കിൽ ആ മെമ്പർക്ക് റിപ്പോർട്ട് വയ്ക്കാം. ......(ബഹളം)......ഒരാൾ പറയൂ. എല്ലാവരും കൂടെ ബഹളം വച്ചാൽ എങ്ങനെയാണ്?

ശ്രീ. സി. ദിവാകരൻ: സർ, ചെയർ വിളിച്ചപ്പോൾ സൗകര്യംപോലെയാണ് വന്ന് റിപ്പോർട്ട് വച്ചത്. അത് ചെയറിനോടുള്ള അനാദരവാണ്. റൂളിംഗ് കൊടുക്കണം. ചെയർ വിളിച്ചപ്പോൾ ആളില്ല.

(7) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ടുകൾ

<u>ശ്രീ. വർക്കല കഹാർ</u>: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.